# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ക്രിസ്തീയ ജീവിതം ഓരോരുത്തരായി മാറേണ്ടതല്ല - ഫ്രാൻസീസ് പാപ്പാ



കൂട്ടായ്മയുടെ ഭാഗമാകുന്നു എന്നതിനാലാണ് ക്രിസ്തീയജീവിതത്തിന്റെ അന ന്യത അടങ്ങിയിരിക്കുന്നതെന്ന് ഫ്രാൻസീസ് പാപ്പാ. വത്തിക്കാനചന്റ ബുധനാഴ്ച നട ത്താറുള്ള ജനറൽ ഓഡിയൻസിലായിരുന്നു പാപ്പായുടെ പ്രത്യേക പരാമർശം.

"കൂട്ടായ്മയിൽനിന്നും അകന്ന് ഒറ്റയ്ക്ക് ക്രിസ്തീയജീവിതം കരുപ്പിടിപ്പിക്കാൻ ആർക്കും സാധ്യമല്ല. നമ്മുടെ വിശ്വാസവും സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിത ശൈലിയും നാം പഠിക്കുകയും സ്വീകരിക്കുകയും ചെയ്തത് നമ്മുടെ മുൻഗാമികളിൽ നിന്നാണ്. നമ്മുടെ പേരും വീട്ടുപേരും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നാം ക്രിസ്ത്യാനികളാണെന്നും സഭയുടെ കൂട്ടായ്മയിൽ പങ്കുകാരാണ് എന്നും പറയുന്നതും ഇതുപോലെ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു." മാർപാപ്പാ ഓർമ്മിപ്പിച്ചു.

"സഭയെന്നാൽ നമ്മൾ എന്ന കൂട്ടായ്മയാണ്. അത് മറ്റുള്ളവർക്കുമുമ്പിൽ അടച്ചിടപ്പെട്ട ഒരു ഗവേഷണശാലയല്ല." ബനഡിക്ട് പാപ്പായുടെ വാക്കുകളെ കടം കൊണ്ട് ഫ്രാൻസീസ് പാപ്പാ പറഞ്ഞു.

"നാം ദൈവത്തെ അറിയുന്നതും, സ്നേഹിക്കുന്നതും, അവിടുത്തെ സ്വരം കേൾ ക്കുന്നതും, നമ്മുടെ സഹോദരീസഹോദരന്മാരുടെ ഇടയിലാണ്." പാപ്പാ കൂട്ടിച്ചേർത്തു.